ചെയ്യുന്നവർക്കുവേണ്ടി പാർപ്പിട വാണിജ്യ സമുച്ചയങ്ങളും ആശുപത്രി, സ്കൂൾ തുടങ്ങിയ അനുബന്ധ സൗകര്യങ്ങളും ഉണ്ടായിരിക്കുന്നതാണ്. 2004 ഡിസംബറിൽ ഇതു സംബന്ധിച്ച് ഡി.ഐ.സി. കേരള സർക്കാരിന് ഒരു കർത്തവ്യ നിർദ്ദേശം സമർപ്പിക്കുകയുണ്ടായി. തുടർന്നുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ ഒരു കരടു ധാരണാപത്രം ഇരുകക്ഷികളുടെയും പ്രതിനിധികൾ തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് കേരള സർക്കാർ 100 ഏക്കർ സ്ഥലം പുതുതായി രൂപംകൊള്ളുന്ന കമ്പനിക്ക് സൗജന്യമായി നൽകും. അതിനുപുറമേ 136 ഏക്കർ സ്ഥലം 36 കോടി രൂപയ്ക്ക് പുതിയ കമ്പനിക്ക് നൽകുന്നതാണ്. ഇൻഫോപാർക്കിന്റെ 62.27 ഏക്കർ സ്ഥലവും അതിൽ ഉൾപ്പെട്ടിരിക്കുന്ന വസ്തുവകകളും 109 കോടി രൂപയ്ക്ക് ടി കമ്പനിക്ക് കൈമാറുന്നതാണ്. പുതുതായി രൂപംകൊള്ളുന്ന കമ്പനിയിൽ ഡി.ഐ.സി. ക്ക് ഏകദേശം 91% ഓഹരിയും കേരള സർക്കാരിന് 9% ഓഹരിയുമാണ് ഉണ്ടായിരിക്കുക. പദ്ധതി പൂർത്തിയാകുമ്പോൾ 1500 കോടി രൂപയുടെ നിക്ഷേപം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഐ. ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾക്കുള്ള വൻകിട നിക്ഷേപത്തിന് പറ്റിയ സംസ്ഥാനമാണ് കേരളം എന്ന ഒരു പ്രതിഛായ സൃഷ്ടിക്കുന്നതുവഴി കേരളത്തിലേക്ക് ധാരാളം നിക്ഷേപങ്ങളും അതിനോടനുബന്ധിച്ച് ധാരാളം വികസന പ്രവർത്തനങ്ങളും ഉറപ്പാക്കാൻ കഴിയും. 33,300-ഓളം നേരിട്ടുള്ള തൊഴിലവസരങ്ങളും അത്രയുംതന്നെ പരോക്ഷമായ തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടും. ഇതിൽ ഭൂരിപക്ഷവും കേരളത്തിലുള്ളവർക്ക് ലഭിക്കുമെന്നാണ് സർക്കാരിന്റെ പ്രതീക്ഷ. ഇന്ന് കേരളത്തിൽ നിന്ന് ഐ.ടി. മേഖലയിൽ കയറ്റുമതി ചെയ്യുന്ന 300 കോടി രൂപയുടെ അനേകമടങ്ങ് കയറ്റുമതി കൈവരിക്കാനാകും. വ്യവസായ നഗരമായ കൊച്ചിയുടെ പ്രതിഛായ വർദ്ധിപ്പിക്കുവാനും സാമ്പത്തികമായ നേട്ടങ്ങൾ കൈവരിക്കുവാനും വിവര സാങ്കേതിക രംഗത്ത് ഇന്ത്യയിൽ അറിയപ്പെടുന്ന നഗരമായി കൊച്ചിയെ വളർത്തിയെടുക്കുവാനും സാധിക്കും. കൂടാതെ I.T./Biotech മേഖലകളിൽ ജോലി ചെയ്യുന്ന പ്രഗത്ഭരായ ആളുകളുടെ ഒരു സുപ്രധാന അധിവാസ കേന്ദ്രമായി കൊച്ചി മാറുമെന്നതിനാൽ ഇവിടുത്തെ വിദ്യാഭ്യാസ രംഗത്തും സാമൂഹ്യ സാംസ്കാരിക മേഖലകളിലും ഒരു വൻ കുതിച്ചു ചാട്ടത്തിന് സ്മാർട്ട് സിറ്റി പദ്ധതി വഴിയൊരുക്കും.

സാംക്രമിക രോഗങ്ങൾ തടയുന്നതിന് നടപടികൾ

*19 [19] *ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി:*

ശ്രീ. സ്റ്റീഫൻ ജോർജ്ജ്:

" തോമസ് ഉണ്ണിയാടൻ:

" ജോസഫ് എം. പുതുശ്ശേരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) മൺസൂൺ കാലത്ത് വ്യാപകമായി പടർന്നു പിടിക്കുന്ന ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയുന്നതിന് സർക്കാർ കൈക്കൊണ്ടിട്ടുള്ള കരുതൽ നടപടികൾ എന്തെല്ലാം;

(ബി) ഇതിലേക്ക് സർക്കാർ ആശുപത്രികളിൽ എന്തെല്ലാം നിവാരണ പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*):

(എ) ഡെങ്കിപ്പനി, എലിപ്പനി തുടങ്ങിയ സാംക്രമിക രോഗങ്ങൾ തടയുന്നതിനും മറ്റ് നിയന്ത്രണ പരിപാടികൾ സ്വീകരിക്കുന്നതിനും വേണ്ടി മഴക്കാലത്തിന് മുൻപ് തന്നെ സംസ്ഥാനത്തെ എല്ലാ ജില്ലാ മെഡിക്കലാഫീസർമാർക്കും ആവശ്യമായ വേണ്ട നിർദ്ദേശങ്ങൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും നൽകിക്കഴിഞ്ഞു. മേൽ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതിന് വേണ്ടി ജില്ലാ മെഡിക്കലാഫീസർമാർക്ക് മൊത്തത്തിൽ 62 ലക്ഷം രൂപ ഇതിനകം തന്നെ നൽകിയിട്ടുണ്ട്. എല്ലാ ആശുപത്രികളിലും എലിപ്പനിയും ഡെങ്കിപ്പനിയും കാലേകൂട്ടി കണ്ടുപിടിക്കുന്നതിനും രോഗനിർണ്ണയ സൗകര്യങ്ങൾ കൂടുതലായി ഏർപ്പെടുത്തി. രോഗ പ്രതിരോധത്തിന് ഊന്നൽ നൽകിക്കൊണ്ട് പരിസര ശുചീകരണം, കൊതുകിന്റെ പ്രജനനസാഹചര്യങ്ങൾ കണ്ടെത്തി നശിപ്പിക്കൽ, ബോധവൽക്കരണം, ആരോഗ്യ വിദ്യാഭ്യാസം തുടങ്ങിയവ നടത്തിവരുന്നു.

(ബി) പ്രധാനപ്പെട്ട എല്ലാ ആശുപത്രികളിലും രോഗ നിർണ്ണയത്തിനായുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. കാലേക്കൂട്ടി രോഗനിർണ്ണയം നടത്തുന്നതിനും ചികിൽസ ലഭ്യമാക്കുന്നതിനും വേണ്ട എല്ലാ നടപടികളും മുടക്കം കൂടാതെ നടത്തുവാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുവാൻ ജില്ലാ മെഡിക്കലാഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിലേക്ക് വേണ്ടി 62 ലക്ഷം രൂപ എല്ലാ ജില്ലാ മെഡിക്കലാഫീസിലേക്കുമായി ഇതിനകം തന്നെ നൽകിക്കഴിഞ്ഞു.

ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കാലതാമസം

*20 [20] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

„ *പി. ജയരാജൻ:*

„ *കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളിൽ ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് കൂടുതൽ കാലതാമസം അനുഭവപ്പെടുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly